23857
10/11/17

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷന്റെ വിവിധ ആവശ്യങ്ങൾ പഠിച്ച ശ്രീ. പി. പി. ഗോപി ഐ.എ.എസ് (റിട്ടയേർഡ്) സമർപ്പിച്ച റിപ്പോർട്ടിൻമേൽ ശുപാർശകൾ അംഗീകരിച്ചുകൊണ്ടും മറ്റു തുടർനടപടികൾ ആവശ്യമില്ല എന്ന് വ്യക്തമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ. ഉ. (കൈ) നം.16/2017/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 24.10.2017.

==============================================================

പരാമർശം:
1. 07.05.2012 -ലെ സ. ഉ. (എം.എസ്) നം. 65/2012/പി.സ.വി.വ.
2. 04.12.2012 -ലെ സ. ഉ. (സാധാ) നം. 1530/2012/പി.സ.വി.വ.
3. 30.04.2013 -ലെ സ. ഉ. (സാധാ) നം. 42/2013/പി.സ.വി.വ.
4. 23.05.2014 -ലെ സ. ഉ. (എം.എസ്) നം. 10/2014/പി.സ.വി.വ.
5. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 04.04.2017 തീയതിയിലെ ബിസിഡിഡി/ബി2/719/2017, 08.05.2017-ലെ ബിസിഡിഡി/ബി2/1249/2017 നമ്പർ കത്തുകൾ.

## ഉത്തരവ്

1. മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷന്റെ (MBCF) വിവിധ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി പരാമർശം 1-ലെ ഉത്തരവ് പ്രകാരം, ശ്രീ.പി.പി. ഗോപി ഐ.എ.എസ് (റിട്ടയേർഡ്)-നെ ഏകാംഗ കമ്മീഷനായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം 2, 3 എന്നീ ഉത്തരവുകൾ പ്രകാരം കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. ശ്രീ. പി. പി. ഗോപി കമ്മീഷന്റെ പ്രധാനപ്പെട്ട പരിഗണനാ വിഷയങ്ങൾ താഴെ ചേർക്കുന്നു.

എ . MBCF - ൽ ഉൾപ്പെടുന്ന സമുദായങ്ങൾക്ക് ഒ.ഇ.സി. വിഭാഗത്തിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതുവഴി ഉണ്ടായേക്കാവുന്ന അധിക സാമ്പത്തിക ബാധ്യത എത്രയെന്ന് തിട്ടപ്പെടുത്തുക.

ബി. MBCF-ൽ ഉൾപ്പെടുന്ന സമുദായങ്ങൾക്കും ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ നൽകുമ്പോൾ ഇപ്പോൾ പ്രസ്തുത ആനുകൂല്യം ലഭിച്ചു കൊണ്ടിരിക്കുന്ന സമുദായങ്ങൾക്ക് എന്തെങ്കിലും നഷ്ടം / ബുദ്ധിമുട്ട് ഉണ്ടാകുമോ എന്നുള്ള കാര്യം പരിശോധിക്കുക.

സി. സ.ഉ.(പി)നം.81/09/പജപവവിവ. പ്രകാരം ചില സമുദായങ്ങളെ ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയതുപോലെ MBCF -ൽ ഉൾപ്പെട്ട സമുദായങ്ങളെ ക്രീമിലെയറിൽ നിന്നും ഒഴിവാക്കുന്നതു കൊണ്ട് മറ്റു സമുദായങ്ങൾക്ക് ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ പരിശോധിക്കുക.

ഡി. MBCF -ൽ ഉൾപ്പെടുന്ന സമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടി എന്തെങ്കിലും പദ്ധതികൾ കേന്ദ്രത്തിനു സമർപ്പിക്കുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുക.

(.....2)

3. കമ്മീഷൻ 06.05.2013 -ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൻമേലുള്ള റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

എ. MBCF -ൽ ഉൾപ്പെട്ട സമുദായങ്ങളെ ഒ.ഇ.സി. -ൽ ഉൾപ്പെടുത്തുന്നത് നിലവിലെ നിയമ പ്രകാരം സാധ്യമല്ലാത്തതിനാൽ അധിക ചെലവ് സംബന്ധിച്ച വിഷയം ഉദിക്കുന്നില്ല.

ബി. നിലവിലുള്ള സമുദായങ്ങളെ സാരമായി ബാധിക്കും.

സി. MBCF-ലുള്ള സമുദായങ്ങളെ ക്രീമിലെയറിൽ നിന്ന് exclude ചെയ്യുകയാണെങ്കിൽ അത് മറ്റുള്ള സമുദായങ്ങളെ ബാധിക്കുകയില്ല. എന്നാൽ നിലവിലെ നിയമപ്രകാരം ടി സമുദായങ്ങളെ ക്രീമിലെയറിൽ നിന്നും exclude ചെയ്യാൻ സാധ്യമല്ല.

ഡി. MBCF-ൽ ഉൾപ്പെട്ട സമുദായങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പുതിയ സ്കൂളുകൾ, ഹോസ്റ്റലുകൾ, ഫിനിഷിംഗം സ്കൂളുകൾ, മൈക്രോ എന്റർപ്രൈസസ്, കമ്മ്യൂണിറ്റി ഹാളുകൾ, തെരുവുകളുടെ നവീകരണം, ഹൗസിംഗ് സ്കീം, സമൂഹ വിവാഹത്തിന് ധനസഹായം, വിദ്യാർത്ഥികൾക്ക് വിവിധ ധനസഹായ പദ്ധതികൾ തുടങ്ങിയ സ്കീമുകൾ ആവിഷ്കരിച്ച് കേന്ദ്രസർക്കാരിന്റെ ധനസഹായത്തിനായി സമർപ്പിക്കാവുന്നതാണ്. മാത്രമല്ല, പഞ്ചായത്തീരാജ് ഇൻസ്റ്റിറ്റ്യൂഷനുകളിൽ ഒ.ബി.സി വിഭാഗക്കാർക്ക് സംവരണം അനുവദിക്കുക, പി.എസ്.സി. ഇപ്പോൾ പിന്തുടരുന്ന സംവരണതോത് ഒ.ബി.സി. വിഭാഗത്തിലെ തന്നെ Weaker Section -നെ ദോഷകരമായി ബാധിക്കുന്നതിനാൽ സംവരണതോത് പുനഃക്രമീകരിക്കുക എന്നിവയും പരിഗണിക്കാവുന്നതാണെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു.

4. MBCF-ൽ ഉൾപ്പെട്ട സമുദായങ്ങളുടെ ഉന്നമനത്തിനായി പി.പി.ഗോപി കമ്മീഷൻ ശുപാർശ ചെയ്ത വിവിധ ക്ഷേമ / വികസന പദ്ധതികൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോട് അഭ്യർത്ഥിച്ചിരുന്നു. കമ്മീഷന്റെ ശുപാർശകളിൻമേൽ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ പരാമർശം 5 പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. മുൻ മുഖ്യമന്ത്രി, ബഹു. മുൻ പിന്നോക്ക സമുദായ വികസന വകുപ്പ് മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ യഥാക്രമം 01.12.2015, 31.12.2015 തീയതികളിൽ ചർച്ച നടന്നിരുന്നു.

5. മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷന്റെ ആവശ്യങ്ങളിൽ കമ്മീഷൻ പഠനവിധേയമാക്കിയ ആദ്യത്തെ 3 ആവശ്യങ്ങളും പരിഗണിക്കാൻ നിലവിലെ സാഹചര്യത്തിൽ കഴിയില്ല എന്ന് കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കമ്മീഷൻ ടി സമുദായങ്ങളുടെ ഉന്നമനത്തിനായി വിവിധ സ്കീമുകൾ ആവിഷ്കരിച്ച് കേന്ദ്രസഹായത്തിനായി സമർപ്പിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

6. കമ്മീഷൻ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു. കമ്മീഷൻ നിർദ്ദേശിച്ച തരത്തിലുള്ള പദ്ധതികൾ വിവിധ വകുപ്പുകൾ മുഖേന പൊതുവായി നടപ്പാക്കി വരുന്നുണ്ട്. ഏതെങ്കിലും ഒരു പ്രത്യേക ജാതിവിഭാഗത്തിന് മാത്രമായി പ്രത്യേകം പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കുകയെന്നത് അഭിലഷണീയമല്ല. എഞ്ചിനീയറിംഗ്, മെഡിക്കൽ, മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ പിന്നോക്ക വിഭാഗക്കാർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നതിന് പരിശീലനം നൽകുന്ന പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം' പദ്ധതി മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റി ഫെഡറേഷനിലെ അംഗങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. പിന്നാക്ക സമുദായ വികസന വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേനയും MBCF-ൽ ഉൾപ്പെട്ടവർക്കും പ്രയോജനപ്പെടുത്താവുന്ന തരത്തിൽ വിവിധ വികസന / ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

7. MBCF-ൽ ഉൾപ്പെട്ട സമുദായങ്ങളെ ഒ.ഇ.സി പട്ടികയിൽ ഉൾപ്പെടുത്തുക എന്ന ആവശ്യം പരിഗണിച്ചില്ലെങ്കിലും, MBCF-ൽ ഉൾപ്പെട്ട സമുദായങ്ങൾ ഉൾപ്പെടെയുള്ള 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് വാർഷിക വരുമാന പരിധി ആറ് ലക്ഷം രൂപ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അതേ നിരക്കിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് പരാമർശം 4 -പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

8. ശ്രീ. പി. പി. ഗോപി (റിട്ട. ഐ.എ.എസ്) കമ്മീഷൻ റിപ്പോർട്ടിന്റെ അദ്ധ്യായം IV-ൽ പരാമർശിച്ചിരിക്കുന്ന (I) (II) (III) എന്നീ ശുപാർശകൾ അംഗീകരിക്കുന്നു. എന്നാൽ ഇതിൻമേൽ തുടർനടപടികൾ ആവശ്യമില്ലാത്തതാണ്. ശുപാർശ IV സംബന്ധിച്ച് സർക്കാർ തലത്തിൽ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

9. മേൽ സാഹചര്യത്തിൽ ശ്രീ. പി. പി. ഗോപി കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടും (I) (II) (III) (IV) എന്നീ ശുപാർശകളിൻമേൽ തുടർനടപടികൾ ആവശ്യമില്ല എന്ന് വ്യക്തമാക്കിക്കൊണ്ടും, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷൻ ഉന്നയിച്ച ആവശ്യങ്ങൾകൂടി കണക്കിലെടുക്കേണ്ടതാണെന്ന നിർദ്ദേശം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്കും, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കും, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കും നൽകികൊണ്ടും, ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ഡോ. വേണു വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ. പി. പി. ഗോപി (റിട്ട. ഐ.എ.എസ്), സുമേരു, ശാന്തിവിള, നേമം പി.ഒ, തിരുവനന്തപുരം
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പാറ്റൂർ, വഞ്ചിയൂർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, നാഗമ്പടം, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

# Chapter-IV

## Conclusion

The four points posed for examination are clarified/replied as below:

(i) About the additional financial commitment when the castes/communities in MBCF are allowed OEC benefits. As per law, the demand for inclusion of the communities under MBCF under OEC category cannot be entertained. Hence, calculation of additional financial commitments does not arise.

(ii) Whether there will be any loss/difficulty to the communities who are already in OEC category when the communities under MBCF are included along with them. There will be loss/difficulty to the communities already in the OEC category if more communities are added to that category.

(iii) If the communities under MBCF are exempted from the operation of creamy-layer principles, there may not be any problems to other communities, but, as per law, exemption as demanded cannot be allowed.

(iv) For the welfare and development of the communities under MBCF (and other communities who are more or most backward) a number schemes are proposed.

Eg:- Opening of new schools, opening of hostels, financial assistance to school children, supply of cycles, special tuition/coaching, award to rank holders, starting of finishing schools, starting of micro-enterprises, construction of community halls and training centres, renovation of streets (*'theruv'*), loan for construction of houses at subsidised rate, financial support for mass marriage ceremonies, protection of Traditional Burial grounds etc are some of the items proposed for Central assistance.

## Important Issues

Apart from the above issues, some more matters also came up for consideration/ reference. There is a general feeling among some of the organisations that Government are not sympathetic to their problems. For example, several vital recommendations of the Backward Communities Welfare Committee of the State Legislature are neglected by the Departments. Even after decades many important recommendations remain without follow up action. Recommendations for reservation in aided education sector, and primary cooperative sector are prominent ones. The people belonging to OBCs see all such neglect and inaction with agony.

The demand for political reservation in Panchayat Raj Institutions which is backed by the Constitution is still not considered. Another major recommendation relates to the change in reservation rules. The communities under 'Group 8' of KS&SSRS, Part II are eligible for reservation to the tune of 3% only. The unit system in KS&SSRS sometimes works against the interests of the weaker sections of OBCs. OBCs may be further categorised as 'Backward' and 'Most Backward'. The second category may be considered on a priority basis for admission to educational institutions, and also for employment.

Thiruvananthapuram:
06.05.2013

P.P.GOPI, IAS (Retd.)

## Acknowledgement

This Commission was appointed by the Government as per G.O(MS) No.65/12/BCDD dated 07.05.2012. The initial term was three months. As the work was not completed by that time, Government was pleased to give periodical extensions, the last of which would end by 6th May,2013.

For the successful completion of the study assistance from several officials, Departments have been received. The first and foremost was Shri. V.Joshi, Director, Backward Classes Development Department. He along with his staff was very cooperative and helpful. I extend my sincere thanks.

My search for related Reports, Judgments, reference books etc. would not have been successful had the assistance from the Secretary, Legislature Secretariat was not available. The Librarian and staff of Legislature Library were really very helpful. Photo copying of hundreds of pages from various reports, judgments, books etc was a tiresome job. The staff of that Library has done that job without hesitation. I express my heartfelt thanks.

Shri. V.Vijayakumar, Librarian of IMG has also helped me by giving a lot of information on the subject of study. I express sincere gratitude to him.

The Chairman and members of Backward Classes Commission also gave me support in my endeavour. The Registrar and other officers and staff of the Commission also were helpful. All of them deserve special thanks.

The Director of Public Instruction, and the Director of Collegiate Education, also was very helpful. I extend my gratitude to them. Officers of the Backward Communities Development Department of the Secretariat extended whole hearted support during my tenure. I express my sincere thanks to them.

The services rendered by Shri. K. Sainulabdeen Kunju, Section Officer/Court Officer are invaluable. All the data entry works were neatly executed by Smt. Anisha C.S, Data Entry Operator. I extend sincere thanks to her.

Thiruvananthapuram
6-05-2013

P.P.Gopi